# വെളിപ്പാടു പുസ്തക പഠനം -7

# ഇരിക്കുന്നവനും ഇരുന്നവനും

# വരുന്നവനുമായവൻ

**പാസ്റ്റർ സി.വി. ആൻഡ്രൂസ്**

യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്ക് എഴുതുന്നത്: ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽനിന്നും അവന്റെ സിംഹാസനത്തിൻ മുമ്പിലുള്ള ഏഴ് ആത്മാക്കളുടെ പക്കൽനിന്നും വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉൺടാകട്ടെ

ആസ്യ എന്നത് ഏഷ്യാ ഭൂഖണ്ഡമല്ല. ആസ്യ എന്ന് ഇവിടെ കാണുന്നത് ഏഷ്യാമൈനറിന്റെ പടിഞ്ഞാറു ഭാഗം എന്ന അർത്ഥത്തിലാണ്. ഫ്രിഗിയ, മുസിയ, കെറിയ, ലുധിയാ എന്നീ ജില്ലകൾ ഉൾപ്പെട്ടതാണ് ഏഷ്യാമൈനർ. ആസ്യ അഥവാ ഏഷ്യ എന്നതിൽ വിസ്തൃതമായ ഏഷ്യാഭൂഖണ്ഡത്തെ അല്ല, പ്രത്യുത റോമാസാമ്രാജ്യത്തിലെ അഞ്ചു പ്രവിശ്യകളിൽ ഒന്നായ ആസ്യയെ ആണ് ഉദ്ദേശിക്കുന്നത് (1 പത്രോസ് 1:1). ആസ്യ പ്രവിശ്യയിൽ ഉൺടായിരുന്ന ഏഴു സഭകൾക്കാണ് ഈ ദൂതുകൾ അറിയിക്കുന്നത്. ഈ ഭൂപ്രദേശം ഇന്ന് മുസ്ലിം (തുർക്കികളുടെ) അധീനതയിൽ ആണ്. ഏഷ്യാമൈനർ എന്ന് ഈ പ്രദേശം അറിയപ്പെടുന്നു.

ഏഷ്യാ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറു ഭാഗമാണിത്. 300 മൈൽ നീളവും 150 മൈൽ വീതിയുമുള്ള ഭൂപ്രദേശമാണ് ഏഷ്യാമൈനർ. ചുരുക്കിപ്പറഞ്ഞാൽ ഈ ഏഴു സഭകൾ സ്ഥിതിചെയ്തിരുന്നത് ഇപ്പോഴത്തെ തുർക്കിയിൽ ആയിരുന്നു. ആ രാജ്യങ്ങൾ സന്ദർശിച്ചാൽ ഈ സ്ഥലങ്ങൾ ഇന്നും കാണാൻ സാധിക്കുമെന്ന് അവിടം സന്ദർശിച്ചവർ പറഞ്ഞിട്ടുൺട്.

ഈ ഏഴു സഭകളെ കൂടാതെ കൊലോസ്യ, ഹിയരെപൊലീസ്, ത്രോവാസ് (അപ്പൊസ്തൊല പ്രവൃത്തികൾ 20:5, കൊലോസ്യർ 4:1,13), മിലേത്തോസ് (അപ്പൊസ്തൊല പ്രവൃത്തി 20:17) ഗലാത്യ സഭകൾ ഒക്കെയും ആസ്യയിൽ വേറെ ഉള്ളതായി കാണാം. എങ്കിലും ഈ ഏഴു സഭകൾ മാത്രം തെരഞ്ഞെടുത്തത് എന്തുകൺട് എന്ന ചോദ്യം ഉദിക്കാം.

എ.ഡി. 96നോട് അടുത്ത് ഏഷ്യാമൈനറിൽ നിലനിന്നിരുന്ന ഈ സഭകൾ അതത് സ്ഥലങ്ങളിലെ ലോക്കൽ സഭകളായിരുന്നു. ഒന്നാം നൂറ്റാൺടിന്റെ ആരംഭത്തിൽ ഉടലെടുക്കുകയും ഉപദേശത്തിലും വിശുദ്ധിയിലും പരിശുദ്ധാത്മാവിന്റെ പൂർണ്ണ നിയന്ത്രണത്തിലും വളർന്നു വന്നിരുന്ന സഭ യോഹന്നാന് വെളിപ്പാട് നൽകപ്പെടുന്ന സമയമായപ്പോൾ ദൈവസ്നേഹത്തിൽനിന്ന് വ്യതിചലിച്ച്, ഓരോ സഭയോടും പറയുന്ന ദൂതുകളിൻ പ്രകാരം അവ ആയിത്തീർന്നു. സഭ ആരംഭിച്ച പെന്റക്കൊസ്റ്റു നാൾ മുതൽ സഭയുടെ ഉൽപ്രാപണം വരെയുള്ള കാലത്തെ സകല സഭകൾക്കും

കൂടിയാണ് ഈ ദൂതുകൾ. വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയ ഏഴു സഭകൾ ഈ സഭായുഗത്തെ മൊത്തം കാണിക്കുന്നു.

ഏഴു സഭകളെയും ഏഴ് സഭാകാലങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ കാലങ്ങളിലേയും സഭയുടെ നില എപ്രകാരമായിരിക്കും എന്നുള്ള വസ്തുത തെളിയിക്കുവാൻ ആ അനുഭവങ്ങൾക്ക് ചേരുന്ന അർത്ഥം വരുന്ന പേരുകളാണിവിടെ തെരഞ്ഞെടുത്തിരിക്കുന്നത്. ആസ്യയിലുള്ള ഇതരസഭകൾ ഈ സഭാകാല അനുഭവങ്ങൾക്ക് ചേരുന്നതല്ല. സഭ ആരംഭിച്ചത് പെന്റക്കൊസ്റ്റു നാളിലാണ്. കർത്താവായ യേശുക്രിസ്തുവിന്റെ രഹസ്യവരവിൽ സഭ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും. പെന്റക്കൊസ്റ്റുനാൾ മുതൽ കർത്താവിന്റെ വരവുവരെ സഭാകാലയളവിലുള്ള ഏഴു പിരിയഡുകൾ അഥവാ സഭയുടെ വ്യത്യസ്ത സ്വഭാവങ്ങൾ ആണ് ഈ ഏഴുസഭകൾ പ്രതിനിധാനം ചെയ്യുന്നതെന്ന് മനസ്സിലാക്കാം. അങ്ങനെയെങ്കിൽ ഇപ്പോൾ നാമുൾപ്പെടുന്ന സഭ ലവോദിക്യാ പിരിയഡിലേക്ക് വന്നിരിക്കുന്നു.

ഏഴ് എന്നത് പൂർണ്ണതയുടെ സംഖ്യയാണ്. ഈ പുസ്തകത്തിൽ 54 പ്രാവശ്യം ഏഴ് എന്ന സംഖ്യ വരുന്നുണ്ട്. ദൈവിക പൂർണ്ണതയുടെ സംഖ്യയായ ഏഴ് ഇതിലെ ഒരു പ്രത്യേകതയാണ്. ഏഴുവിധ ഭാഗ്യവാന്മാരെക്കുറിച്ച് മൂന്നാം വാക്യത്തോടുള്ള ബന്ധത്തിൽ നാം ചിന്തിച്ചു. ക്രിസ്തുവിന്റെ വരവിനെക്കുറിച്ച് ഏഴു പ്രസ്താവനകൾ വെളിപ്പാടു പുസ്തകത്തിൽ കാണാം.

1. ഇതാ ഞാൻ മേഘാരൂഢനായി വരുന്നു 1:7

2. ഞാൻ കള്ളനെപ്പോലെ വരുന്നു 3:3

3. ഞാൻ വേഗം വരുന്നു 3:11

4. ഞാൻ കള്ളനെപ്പോലെ വരും 16:15

5. ഇതാ ഞാൻ വേഗത്തിൽ വരുന്നു 22:7

6. ഇതാ ഞാൻ വേഗം വരുന്നു 22:12

7. അതേ, ഞാൻ വേഗം വരുന്നു 22:20

കൂടാതെ, വിവിധ ഏഴുകളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു വെളിപ്പാട് പുസ്തകം

1. ഏഴു നിലവിളക്കുകൾ 1:20

2. ഏഴു നക്ഷത്രം 1:20

3. ഏഴു മുദ്രകൾ 5:1

4. ഏഴ് ആത്മക്കളായ ഏഴു ദീപങ്ങൾ 4:5

5. ഏഴു കൊമ്പുകൾ 5:6

6. ഏഴു കാഹളങ്ങൾ 8:2

7. ഏഴു ക്രോധ കലശങ്ങൾ 15:7

8. ഏഴു ഇടിനാദങ്ങൾ 10:3,4

9. ഏഴു തലകളുള്ള സർപ്പം 12:3

10. ഏഴു തലകളുള്ള മൃഗം 13:1

11. ഏഴു മലകൾ 17:9

ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽനിന്നും എന്നത് പിതാവായ ദൈവത്തെ കാണിക്കുന്നു. എന്നാൽ 4:8, 11:17, 16:5 എന്നീ ഭാഗങ്ങളിൽ ഇതേ വിശേഷണം യേശുകർത്താവിനു നൽകിയിരിക്കുന്നു. ആകയാൽ യേശു ജഡത്തിൽ വെളിപ്പെട്ട ദൈവമാണെന്നും താനും പിതാവും ഒന്നാണെന്നും വ്യക്തമാക്കുന്നു. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവൻ എന്നുള്ളത് ആയിരിക്കുന്നവനും ആയിരുന്നവനും ആകുന്നവനും എന്നുള്ള പദങ്ങളാണ് ശരിയായിട്ടുള്ളത്. സർവ്വശക്തനും നിത്യനുമായ ദൈവമാണ് പിതാവ് എന്നു ഇവിടെ വ്യക്തമായി വിശേഷിപ്പിച്ചിരിക്കുന്നു. ദൈവം മോശയോടു ''ഞാൻ ആകുന്നവൻ ഞാൻ ആകുന്നു'' എന്ന് പറഞ്ഞ് ധൈര്യപ്പെടുത്തി (പുറപ്പാട് 3:14).

ഞാൻ ആയിരുന്നു, ഇപ്പോഴും ഞാൻ ആകുന്നു, ഭാവിയിൽ ഞാൻ ആയിരിക്കും എന്നാണിതിന്റെ അർത്ഥം. ''യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ'' അഥവാ മാറ്റമില്ലാത്തവൻ എന്ന് പുത്രനെക്കുറിച്ച് ഹെബ്രായർ 13:8ൽ വായിക്കുന്നു.

മുൾപ്പടർപ്പിൽ ദൈവം മോശയോടു പറഞ്ഞു ''ഞാൻ ആകുന്നവൻ ഞാൻ ആകുന്നു''. അതേ ദൈവത്തെയാണ് ഇവിടെയും കാണുന്നത്. ശാശ്വതവാസി, നിത്യനായ ദൈവം ഇപ്പോഴും അതേനിലവയിൽ ഉള്ളവനാണ് എന്നർത്ഥം. ഞാൻ മാത്രമേയുള്ളൂ, ഞാനല്ലാതെ ദൈവമില്ല (ആവർത്തനം 32:39). ഇരിക്കുന്നവൻ എന്നു പറഞ്ഞാൽ വർത്തമാനകാലങ്ങളിൽ ഉള്ളവൻ എന്ന് മനസ്സിലാക്കുക. ഇരുന്നവൻ എന്നു പറഞ്ഞാൽ പൺടുമുതലേ ഉൺടായിരുന്ന ദൈവം. ''നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനും മുമ്പേ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു'' (സങ്കീർത്തനം 90:2). വരുന്നവൻ എന്നു പറഞ്ഞാൽ വീൺടും വരുവാനിരിക്കുന്നവനാണ് നമ്മുടെ ദൈവം. ഇത് നമ്മുടെ വീൺടെടുപ്പുകാരനായ യേശുക്രിസ്തുവിലൂടെ നടക്കും. ''ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമാണ് ദൈവം''. (ഏശയ്യ 57:15)

വെളിപ്പാട് 1:4 -ാം വാക്യത്തിൽ ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവൻ എന്ന് പറഞ്ഞിരിക്കുന്നത് പിതാവായ ദൈവത്തെക്കുറിച്ച് അത്രേ. നമ്മുടെ ദൈവം അനന്യൻ ആണ്. ആദിയിൽ വചനം ഉൺടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. യോഹന്നാൻ 1:1. ആദി എന്ന്

ഉദ്ദേശിക്കുന്നത് സകലകാലങ്ങൾക്കും മുമ്പേ എന്നാണ്. ഭൂതകാലത്തിലും വർത്തമാനകാലത്തിലും ഭാവികാലത്തിലും ഒരുപോലെ ഇരിക്കുന്നവനാണ് നമ്മുടെ ദൈവം (തുടരും)